"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിങ് വിഭാഗം- പാലക്കാട് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത.എച്ച്. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - റിവ്യൂ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1919/2026/LSGD തീയതി, തിരുവനന്തപുരം, 13-10-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം. 503/2026/LSGD തീയതി 27.02.2026.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി സ്മിത.എച്ച്. എന്നിവർ സമർപ്പിച്ച യഥാക്രമം 31.03.2026, 07.04.2026 തീയതികൾ രേഖപ്പെടുത്തിയ റിവ്യൂ ഹർജികൾ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-05-2026 ലെ LSGD/PD/6864/2024-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും മറ്റ് ഓഫീസ് ജീവനക്കാരും ബില്ലുകളും മറ്റും അംഗീകരിക്കുന്നതിന് കൈക്കൂലി വാങ്ങുന്നു എന്ന ആരോപണത്തിന്മേൽ, വിജിലൻസ്, പാലക്കാട് യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.സ്മിത.എച്ച് (2,540/-രൂപയും), അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ (1740/-രൂപയും) എന്നിവർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ കൈവശം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ തുക കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകൾക്കെതിരെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയാക്കി പരാമർശം 1 ഉത്തരവ് പ്രകാരം ടിയാളുകൾക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാക്കിയിരുന്നു.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.സ്മിത.എച്ച് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി KCS (CC&A) ചട്ടങ്ങളിലെ ചട്ടം 11 (iii) പ്രകാരം "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്തു കൊണ്ടാണ് തീർപ്പാക്കിയിരുന്നത്. ടി ശിക്ഷാ നടപടി മേൽ പരാമർശിത ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാളുകൾ പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

അപ്പീൽ അപേക്ഷയിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ സമർപ്പിച്ച വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.

i) വിജിലൻസ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന് അനുബന്ധമായ 24.03.2023 ലെ SC 17/22/PKD നമ്പർ മിന്നൽ പരിശോധന റിപ്പോർട്ടിലെ "പേജ് 12 ഖണ്ഡിക 1 ൽ ബില്ലുകൾ എല്ലാം പ്രോസസ്സിങ്ങിലാണെന്നും, ടി ഫയലുകളെല്ലാം തന്നെ 2023 മാർച്ച് മാസം വന്ന ഫയലുകളാണെന്നും, പരിശോധനയിൽ വ്യക്തമാകുന്നുണ്ടെന്നും ആയതിൽ കാലതാമസം വരുത്തിയതായി പരിശോധനയിൽ കാണുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും ബിൽ പരിശോധനയിൽ കാലതാമസം വരുത്തിയതായി പരിശോധനയിൽ കാണുന്നില്ല എന്നത് പരാതിക്ക് അടിസ്ഥാനമില്ലായെന്ന് സാധൂകരിക്കുന്നതാണെന്ന് ടിയാൻ അറിയിച്ചിരുന്നു.

ii) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഡിക്ലറേഷനുമായി ബന്ധപ്പെട്ട ആരോപണത്തിൽ, വ്യക്തവും, കൃത്യവും സത്യസന്ധവുമായ വിശദീകരണമാണ് നല്കിയതെന്നും, ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ മനഃപൂർവ്വമായ തെറ്റല്ലെന്നും മറിച്ച് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ഉണ്ടായ ജാഗ്രത കുറവാണെന്ന് മാത്രമാണ് വിലയിരുത്തിയിട്ടുള്ളതെന്നും ടിയാൻ അറിയിച്ചിരുന്നു.

iii) അഴിമതിയുമായി ബന്ധപ്പെട്ടോ, കൈക്കൂലി സ്വീകരിച്ചതുമായോ ബന്ധപ്പെട്ടോ യാതൊരു കണ്ടെത്തലും ഉണ്ടായിട്ടില്ലെന്നും നിലവിൽ ക്യാഷ് ഡിക്ലറേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും, മേലിൽ ഈ വിഷയത്തിൽ വീഴ്ചകൾ വരുത്താതിരിക്കാൻ ജാഗ്രത പുലർത്തുമെന്നും അറിയിച്ചിരുന്നു.

വിജിലൻസ് അന്വേഷണം നേരിട്ടത് പ്രൊബേഷൻ കാലാവധി പൂർത്തിയായതിനുശേഷമാണെങ്കിലും കുറ്റപത്രം നൽകിയത് മൂലം കഴിഞ്ഞ മൂന്ന് വർഷങ്ങളായി പ്രൊബേഷൻ ഡിക്ലറേഷൻ നടന്നിട്ടില്ലായെന്നും മൂന്ന് വർഷമായി വാർഷിക വേതന വർദ്ധനവ് അനുവദിച്ചിട്ടുമില്ലായെന്നും, 29.04.2022 ന് A1-819/19 നമ്പർ കത്ത് മുഖേന കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം ലഭ്യമാകേണ്ട എട്ട് വർഷ ഗ്രേഡും വിജിലൻസ് അന്വേഷണം നേരിട്ടതിനാൽ ലഭ്യമായിട്ടില്ലായെന്നും, മനഃപൂർവ്വമായ തെറ്റല്ലെന്നും മറിച്ച് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ഉണ്ടായ ജാഗ്രത കുറവ് മാത്രമാണെന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെയും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെയും റിപ്പോർട്ട് പരിഗണിക്കാതെ ശിക്ഷ നൽകികൊണ്ടുള്ള ഉത്തരവുമൂലം ഫലത്തിൽ മനഃപൂർവ്വമല്ലാത്ത പിഴവ് മൂലം നാല് വർഷത്തെ വാർഷിക വേതന വർദ്ധനവാണ് തടസപ്പെട്ടിട്ടുള്ളതെന്നും ടിയാൻ അറിയിച്ചിരുന്നു. വർഷാവസാനം ഒരു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജോലി തിരക്കിൽ നിർദോഷമായ ചില അപാകതകൾ സംഭവിക്കാറുണ്ടെന്നും google pay വഴി കടം കൊടുത്ത തുക തിരികെ തന്നത് ക്യാഷ് ഡിക്ലറേഷനിൽ ചേർക്കാൻ വിട്ടുപോയത് മനഃപൂർവ്വമല്ലാത്ത ഒരു വീഴ്ച മാത്രമാണെന്നും ആയത് ഇനി ആവർത്തിക്കില്ലായെന്നും ടിയാൻ അറിയിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലും, അഭിപ്രായ റിപ്പോർട്ടിലും സംഭവിച്ചത് മനഃപൂർവമല്ലാത്ത വീഴ്ചയാണെന്ന് വിലയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക അനധികൃതമായി ശേഖരിച്ചതാണെന്നോ, അഴിമതിയുടെ ഭാഗമാണെന്നോ കുറ്റാരോപണ മെമ്മോയിലോ, അന്വേഷണ റിപ്പോർട്ടിലോ, വിജിലൻസ് സംഘത്തിന്റെ അനുമാനത്തിലോ ഇല്ലായെന്നതുകൂടെ പരിഗണിക്കണമെന്നും ടിയാൻ അപേക്ഷിക്കുന്നു. കരാറുകാരുടെ ബില്ലുകൾ വൈകിപ്പിക്കുകയും, കൈക്കൂലി ആവശ്യപ്പെടുകയും ചെയ്യുന്നു എന്ന പരാതിയിന്മേലാണ് വിജിലൻസ് പരിശോധന നടത്തിയതെന്നും പരിശോധന റിപ്പോർട്ട് പ്രകാരം ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്ന് സംയുക്ത റിപ്പോർട്ട് പേജ് 8 ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, വീഴ്ച അർഹിക്കുന്ന ഗൗരവത്തോടെ അംഗീകരിക്കുന്നുവെന്നും മനഃപ്പൂർവം അല്ലാത്തതും സദുദ്ദേശത്തോടെ സംഭവിച്ചതുമായ അശ്രദ്ധയായി കണക്കാക്കി Manual for Disciplinary Proceedings ലെ ഖണ്ഡിക 70 പ്രകാരം പുനഃപരിശോധനാ അധികാരം ഉപയോഗിച്ച്, മനഃപൂർവ്വമല്ലാത്ത വീഴ്ചയ്ക്ക്, ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് താൽക്കാലികമായി തടയുക എന്ന ശിക്ഷാ നടപടിയിൽ ശിക്ഷ ഒഴിവാക്കുകയോ, അല്ലെങ്കിൽ യുക്തമായ രീതിയിൽ ഭേദഗതി ചെയ്യുകയോ ചെയ്യണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.സ്മിത.എച്ച് ഉന്നയിച്ച വാദങ്ങൾ താഴെപ്പറയും പ്രകാരമാണ് ;

i) മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച

റിപ്പോർട്ടിന് അനുബന്ധമായ പാലക്കാട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ SC 17/22/PKD തീയതി 24.03.2023 മിന്നൽ പരിശോധന റിപ്പോർട്ടിലെ "പേജ് 12 ഖണ്ഡിക 1 ൽ ബില്ലുകൾ എല്ലാം പ്രോസസ്സിങ്ങിലാണെന്നും, ടി ഫയലുകളെല്ലാം തന്നെ 2023 മാർച്ച് മാസം വന്ന ഫയലുകളാണെന്നും, പരിശോധനയിൽ വ്യക്തമാകുന്നുണ്ട്. ആയതിൽ കാലതാസം വരുത്തിയതായി പരിശോധനയിൽ കാണുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്". ബിൽ പരിശോധനയിൽ കാലതാമസം വരുത്തിയതായി പരിശോധനയിൽ കാണുന്നില്ല എന്നത് പരാതിക്ക് അടിസ്ഥാനമില്ല എന്ന് സാധൂകരിക്കുന്നതാണ്.

ii) എന്നാൽ നൽകിയിട്ടുള്ള കുറ്റപത്രത്തിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ 2,540/- രൂപ കണ്ടെത്തി എന്നും, കുറ്റാരോപണ പത്രികയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ 2,540/- രൂപ കണ്ടെത്തി എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഇതു മൂലം അധിക തുക കണ്ടെത്തി എന്ന ചെയ്യാത്ത കുറ്റം ടിയാളുടെ മേൽ ചുമത്തിയിരിക്കുന്ന ശിക്ഷ മാനസികസമ്മർദ്ദം ഉണ്ടാക്കുന്നുവെന്നും ടിയാൾ അറിയിച്ചിരുന്നു.

iii) അന്നേ ദിവസം ഓഫീസിൽ അടിയന്തര പ്രാധാന്യമുള്ള ഫയൽ മേലധികാരികൾക്ക് സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ അവരുടെ നിർദ്ദേശപ്രകാരം പതിവിനേക്കാൾ നേരത്തെ രാവിലെ ഏകദേശം 9.30 മണിയോടുകൂടി ഓഫീസിൽ എത്തി ജോലിയിൽ പ്രവേശിച്ചിരുന്നുവെന്നും, 10 മണിക്ക് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ ജൂനിയർ സൂപ്രണ്ടിന്റെ അടുത്ത് ചെന്നപ്പോൾ അറ്റൻഡൻസ് രജിസ്റ്റർ ഓഫീസ് മേധാവിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാബിനിൽ ആയിരുന്നുവെന്നും, ക്യാബിനിൽ നിന്ന് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ തിരിച്ച് വരുമ്പോൾ ഡിക്ലയർ ചെയ്യാം എന്ന് ജൂനിയർ സൂപ്രണ്ടിനോട് ടിയാൾ പറഞ്ഞശേഷം തിരിച്ച് വന്ന് ടിയാളുടെ ജോലികൾ ചെയ്യുകയുമാണ് ഉണ്ടായതെന്നും പിന്നീട് രേഖപ്പെടുത്താമെന്ന ഉദ്ദേശം ഉണ്ടായിരുന്നുവെങ്കിലും അന്നത്തെ ജോലിഭാരവും, തിരക്കുമൂലവും നിർഭാഗ്യവശാൽ മറന്നു പോവുകയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ സാധിക്കാതെ വരികയുമാണ് ഉണ്ടായതെന്നും ടിയാൾ അറിയിച്ചിരുന്നു. കൂടാതെ 01.02.2023 മുതൽ 03.04.2023 വരെയുള്ള ദിവസങ്ങളിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ രേഖപ്പെടുത്തലുകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചപ്പോൾ എല്ലാ ദിവസങ്ങളിലും ടിയാൾ രേഖപ്പെടുത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും മിക്ക ദിവസങ്ങളിലും കൈവശം ആയിരം രൂപയിൽ കൂടുതലുള്ള തുക ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും അതിനാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നത് പതിവായി പാലിച്ചിരുന്ന കാര്യമാണെന്നും അന്നേ ദിവസം അത് രേഖപ്പെടുത്താതെ പോയത് മനഃപ്പൂർവ്വമല്ലാത്ത ഒരു വീഴ്ച മാത്രമാണെന്ന് ജോയിന്റ് ഡയറക്ടറുടെയും, പ്രിൻസിപ്പൽ ഡയറക്ടറുടെയും, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെയും അന്വേഷണ റിപ്പോർട്ടിലും പരാമർശിക്കുന്നുണ്ടെന്നും ടിയാൾ അറിയിച്ചിരുന്നു.

iv) അന്വേഷണ റിപ്പോർട്ടിൽ പോലും ഇത് മനഃപ്പൂർവ്വമല്ലാത്ത ഒരു വീഴ്ച മാത്രമാണെന്ന് വിലയിരുത്തിയിട്ടുള്ളതെന്നും അഴിമതി, അനധികൃത സാമ്പത്തിക ഇടപാട് എന്നിവയുമായി ബന്ധപ്പെട്ട യാതൊരു കണ്ടെത്തലും ഉണ്ടായിട്ടില്ലെന്ന് അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുവെന്നും പൊതുജനങ്ങളുമായോ മറ്റു കക്ഷികളുമായോ ഇടപെടേണ്ടി വരുന്ന തസ്തികയല്ല തന്റേതെന്നും മേൽ ഉദ്യോഗസ്ഥർ ഏൽപ്പിക്കുന്ന ടൈപ്പിംഗ്/ടൈപ്പിംഗ് അനുബന്ധ ജോലികൾ കൃത്യമായി ചെയ്തു തീർക്കുക എന്നല്ലാതെ മറ്റൊന്നിലും ഇടപെടാറില്ലായെന്നും എന്നിരുന്നാലും, ഈ ഒറ്റപ്പെട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ Manual for Disciplinary Proceedings ലെ ഖണ്ഡിക 70 പ്രകാരം പുന:പരിശോധനക്കു വിധേയമാക്കണമെന്നും അപേക്ഷിച്ചിരുന്നു.

സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അമിതമായ ജോലിത്തിരക്ക് കാരണം സംഭവിച്ച ഒരു മറവി മാത്രമാണിതെന്നും വിജിലൻസ് റിപ്പോർട്ടിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ 2,540/- രൂപ കണ്ടെത്തി എന്ന് രേഖപ്പെടുത്തിയിട്ടില്ലയെന്നും പ്രസ്തുത റിപ്പോർട്ടിൽ പേജ് നമ്പർ 4 മുതൽ 6 വരെ ഉള്ള പട്ടിക പ്രകാരം ടിയാൾ ക്യാഷ് ഡിക്ലെയർ ചെയ്തിട്ടില്ലയെന്നത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അല്ലാതെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക കണ്ടെത്തി എന്ന് പറയുന്നില്ലായെന്നതിനാൽ അധിക തുക കണ്ടെത്തി എന്ന ബാധ്യത മന:പ്പൂർവം ടിയാളുടെ മേൽ

ചുമത്തുകയാണ് ഉണ്ടായിട്ടുള്ളതെന്നും ആയത് മാനസികസമ്മർദ്ദം ഉണ്ടാക്കുന്നുവെന്നും ടിയാൾ അറിയിച്ചിരുന്നു. Kerala Civil Services (CC& A) Rules, 1960 ലെ ചട്ടം 15 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അച്ചടക്ക ലംഘനമോ, കുറ്റകരമായ അനാസ്ഥയോ, ക്രമക്കേടുകളോ, അഴിമതി ആരോപണങ്ങളോ കണ്ടെത്തിയിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ടെന്നും കഴിഞ്ഞ 12 വർഷത്തെ ടിയാളുടെ സേവന കാലയളവിൽ യാതൊരുവിധ കുറ്റാരോപണങ്ങളും, ഉണ്ടായിട്ടില്ലായെന്നും രോഗിയായ അമ്മയുടെ ചികിൽസയ്ക്കും മറ്റുമായി കയ്യിൽ കരുതിയ തുകയാണ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതെന്നും ടിയാൾക്കുണ്ടായത് മനഃപൂർവ്വമല്ലാത്ത പിഴവാണെന്ന് അന്വേഷണ റിപ്പോർട്ടും, അഭിപ്രായ റിപ്പോർട്ടിലും മനഃപൂർവമല്ലാത്ത വീഴ്ചയാണെന്ന് വിലയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക അനധികൃതമായി ശേഖരിച്ചതാണെന്നോ, അഴിമതിയുടെ ഭാഗമാണെന്നോ കുറ്റാരോപണ മെമ്മോയിലോ, അന്വേഷണ റിപ്പോർട്ടിലോ, വിജിലൻസ് സംഘത്തിന്റെ അനുമാനത്തിലോ ഇല്ലായെന്നത് കൂടെ പരിഗണിക്കണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു. ശിക്ഷ ഒരു വർഷത്തെ സാമ്പത്തിക നഷ്ടത്തിന് പുറമെ ശിക്ഷയുടെ വിശദാംശങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുക കൂടി ചെയ്യുന്നത് ശിക്ഷയുടെ ആഘാതം ചെറുതല്ലായെന്നും ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നത് മാനസികമായി ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും, ടിയാൾ അപേക്ഷിച്ചിരുന്നു. കൂടാതെ ടി ശിക്ഷാ നടപടി കുടുംബത്തിന്റെ സാമ്പത്തിക ബാധ്യതയെ ബാധിക്കുമെന്നതിനാൽ ആയത് ഒഴിവാക്കണമെന്നും അമ്മയ്ക്ക് ഗുരുതരമായ ഹൃദയാഘാതവും, പക്ഷാഘാതവും സംഭവിച്ചതിനാൽ തുടർച്ചയായ ചികിത്സയും വലിയ മെഡിക്കൽ ചെലവുകളും ഉണ്ടായിരിക്കുകയാണെന്നും കൂടാതെ ടിയാളുടെ കുട്ടി ഉയർന്ന വിദ്യാഭ്യാസം തുടരുന്ന ഘട്ടത്തിലായതിനാൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചെലവുകളും, കുടുംബ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എടുത്തിട്ടുള്ള വായ്പകളും നിലവിലുണ്ടെന്നും ടിയാൾ അറിയിച്ചിരുന്നു.

മേൽ രണ്ട് ഉദ്യോഗസ്ഥരും അവരവരുടെ പുന:പരിശോധന ഹർജിയിൽ, അച്ചടക്ക നടപടിയുടെ ഭാഗമായി അവർക്കെതിരെ നൽകിയിരുന്ന ചാർജ്ജ് മെമ്മോയ്ക്ക് നൽകിയ മറുപടിയ്ക്ക് ഏകദേശം സമാനമായ കാരണങ്ങൾ തന്നെയാണ് വീണ്ടും ഉന്നയിച്ചിട്ടുള്ളത് എന്നതല്ലാതെ വീണ്ടും വിശദമായി പരിശോധിയ്ക്കേണ്ടതായ പുതിയ വാദങ്ങൾ, തെളിവുകൾ, കാരണങ്ങൾ എന്നിവ ഉന്നയിച്ചതായി കാണുന്നില്ല. റിവ്യൂ ഹർജിക്കാർ ഉൾപ്പെടെയുള്ള കുറ്റാരോപിതരായ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളിൽ, ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയ/ രജിസ്റ്ററിലുള്ളതിനേക്കാൾ തുക കൈവശം കണ്ടെത്തിയ ഗണത്തിൽപെട്ട എല്ലാ ഉദ്യോഗസ്ഥർക്കും (റിവ്യൂ ഹർജിക്കാർ ഉൾപ്പെടെ) ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ തടയുന്ന ലഘുശിക്ഷയാണ് നൽകിയിട്ടുള്ളത്. അതായത് സമാനമായ രീതിയിൽ misconduct ഉണ്ടെന്ന് കണ്ടെത്തിയിതിന്റെ അടിസ്ഥാനത്തിലാണ് ടിയാളുകൾക്കെല്ലാം ഇപ്രകാരമുള്ള ശിക്ഷ നൽകിയിട്ടുള്ളത്.

മേൽ സാഹചര്യത്തിലും, ചട്ടം 35 പ്രകാരം സമർപ്പിച്ചിട്ടുള്ള റിവ്യൂ ഹർജിയിൽ, ഇതിനോടകം നൽകിയിട്ടുള്ള ശിക്ഷ ലഘൂകരിയ്ക്കേണ്ടതായുണ്ടെന്നോ ഒഴിവാക്കേണ്ടതായുണ്ടെന്നോ ബോധ്യമാകത്തക്ക രീതിയിലുള്ള പുതിയ വാദമുഖങ്ങൾ, തെളിവുകൾ, കാരണങ്ങൾ തുടങ്ങിയവ ഒന്നും തന്നെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.സ്മിത.എച്ച്, അസിസിറ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അഭിലാഷ് കൃഷ്ണൻ എന്നിവർക്ക് ഉന്നയിക്കാനോ സമർത്ഥിക്കാനോ കഴിഞ്ഞിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിലും ടിയാളുകൾ സമർപ്പിച്ച റിവ്യൂ ഹർജി ഇതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1) ശ്രീമതി.സ്മിത.എച്ച്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, O/o ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2) ശ്രീ.അഭിലാഷ് കൃഷ്ണൻ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, O/o എക്സിക്യൂട്ടീവ് എഞ്ചിനീയർ,പാലക്കാട്

ജില്ലാ പഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.

5) തദ്ദേശ സ്വയംഭരണ( EWB) വകുപ്പ്.

6) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

7) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 13-10-2026
17:31:23

സെക്ഷൻ ഓഫീസർ